പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3184

03/04/2013- ൽ മറുപടിക്ക്

മൾട്ടി സ്പെഷ്യാലിറ്റി മൊബൈൽ വെറ്ററിനറി ക്ലിനിക്ക്, എമർജൻസി വെറ്ററിനറി കെയർ സർവ്വീസുകളുടെ വിശദാംശം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി.ശശി: | ശ്രീ. കെ.പി മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി ) |
| എ) മൾട്ടി സ്പെഷ്യാലിറ്റി മൊബൈൽ വെറ്ററിനറി ക്ലിനിക്ക്, എമർജൻസി വെറ്ററിനറി കെയർ സർവ്വീസ് എന്നീ യൂണിറ്റുകൾ ഈ സാമ്പത്തിക വർഷം എത്രയെണ്ണം ആരംഭിച്ചു; വ്യക്തമാക്കുമോ; | എ) സംസ്ഥാനത്ത് മൾട്ടി സ്പെഷ്യാലിറ്റി മൊബൈൽ വെറ്ററിനറി ക്ലിനിക്ക്, എമർജൻസി വെറ്ററിനറി കെയർ സർവ്വീസ് എന്നീ യൂണിറ്റുകൾ സജ്ജീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതേയുള്ളൂ. |
| ബി) പ്രസ്തുത യൂണിറ്റുകൾ ആരംഭിക്കുന്നതിനായി 2012-13 ലെ ബജറ്റിൽ വകയിരുത്തിയ 25 കോടിയിൽ എന്ത് തുക ചെലവഴിച്ചു; വ്യക്തമാക്കുമോ? | ബി) ഈ യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് Doorstep & Domiciliary Veterinary Service എന്ന പദ്ധതിയിലൂടെയാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഈ പദ്ധതിക്കായി 2012-13 സാമ്പത്തിക വർഷം 6$^1/_2$ കോടി രൂപയാണ് വകകൊള്ളിച്ചിട്ടുള്ളത്. ഈ 6$^1/_2$ കോടി രൂപയിൽ 4.17 കോടി രൂപ ചെലവഴിക്കാൻ സാധിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

ns